# അഭിനന്ദനവും പ്രോത്സാഹനവും

സാക് പുന്നൻ

WFTW 08 മെയ് 2016

മത്തായി 8ാം അദ്ധ്യായത്തിൽ യേശു ചെയ്ത ചില അത്ഭുതങ്ങളെക്കുറിച്ചു നാം വായിക്കുന്നു. അവിടുന്ന് പ്രസംഗിക്കുക മാത്രമല്ല ചെയ്തത്; ആളുകൾക്കുവേണ്ടി കരുതുക കൂടി ചെയ്തു. മറ്റാരും തൊടാത്ത കുഷ്ഠരോഗികളെ അവിടുന്നു തൊട്ടു. അതിലൂടെ അവിടുന്ന് അവരെ സൗഖ്യമാക്കുക മാത്രമല്ല ചെയ്തത്. എന്നാൽ അവർ വിലയുള്ളവരാണെന്ന ഒരു ബോധവും അവർക്കു നൽകി. ശതാധിപൻറെ ദാസനെ സൗഖ്യമാക്കാനായി യേശു അയാളുടെ വീട്ടിലേക്കു ചെല്ലാം എന്നു പറഞ്ഞപ്പോൾ 'കർത്താവേ, അവിടുന്ന് എൻറെ പുരയ്ക്കകത്തു വരുവാൻ ഞാൻ യോഗ്യനല്ല. ഒരു വാക്കു മാത്രം കല്പിച്ചാൽ എൻറ ബാല്യക്കാരനു സൗഖ്യം വരും' എന്നു പറയുവാൻ തക്കവണ്ണം വിനയമുള്ളവനും വിശ്വാസത്താൽ നിറഞ്ഞവനുമായ ഒരു റോമൻ ശതാധിപനേക്കുറിച്ച് ഇവിടെ നാം വായിക്കുന്നു. വിശ്വാസവും വിനയവും എല്ലായ്പ്പോഴും ഒരുമിച്ചു ചേർന്നു പോകുന്നതാണ്. യേശു ഉടനെ പറഞ്ഞു, ' യിസ്യായേലിൽ ഉള്ള ഒരുത്തനിൽ പോലും ഇത്ര വലിയ വിശ്വാസം ഞാൻ കണ്ടിട്ടില്ല' (മത്താ. 8:10).

ആളുകളെ പ്രോത്സാഹിപ്പിക്കുന്നതിലും അഭിനന്ദിക്കുന്നതിലും യേശു ഒരു വിദഗ്ധൻ ആയിരുന്നു. അവിടുന്ന് ഒരിക്കൽ പത്രോസിനെ പരസ്യമായി പ്രശംസിച്ചുകൊണ്ട് പറഞ്ഞു. 'ബർയോനാ ശിമയോനെ, നീ ഭാഗ്യവാൻ. സ്വർഗ്ഗസ്ഥനായ എൻറെ പിതാവത്രെ നിനക്കിത് വെളിപ്പെടുത്തിയത്' (മത്താ. 16:17).അവിടുന്ന് നഥനയേലിനെ പ്രശംസിച്ചുകൊണ്ടു പറഞ്ഞു 'ഇതാ കപടമില്ലാത്ത ഒരു മനുഷ്യൻ' (യോഹ. 1:47).അവരിൽ ആരും തന്നെ പൂർണ്ണരല്ലെങ്കിൽ പോലും ആളുകളോടുള്ള പ്രശംസയിൽ യേശു ഒരു ധാരാളി ആയിരുന്നു. റോമൻ ശതാധിപൻ, പത്രോസ്, നഥനയേൽ ഇവരെല്ലാം അപൂർണ്ണരായ ആളുകളായിരുന്നു. എങ്കിലും യേശു അവരിലെല്ലാം, അഭിനന്ദിക്കുവാനുള്ള എന്തെങ്കിലും കാര്യങ്ങൾ കണ്ടെത്തി. രക്ഷിക്കപ്പെടാത്ത, വിഗ്രഹാരാധിയായ, ബൈബിളിനേക്കുറിച്ചോ സത്യദൈവത്തേക്കുറിച്ചോ ഒന്നും അറിയാൻ വയ്യാത്ത ഒരു പടനായകനിൽ പോലും കണ്ട നന്മയെ പ്രശംസിക്കുവാൻ അവിടുന്ന് മടിച്ചില്ല. ആ റോമൻ ശതാധിപൻ തൻറെ ശേഷിക്കുന്ന ജീവിതത്തിൽ എപ്പോഴെങ്കിലും യേശു സംസാരിച്ച ആ വാക്കുകൾ മറക്കുമെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ ? ഇല്ല. അയാൾ ആ വാക്കുകളാൽ അത്രയധികം ഉത്സാഹിക്കപ്പെട്ടു കാണും; അയാൾ യേശുവിൻറെ ഒരു പൂർണ്ണ ഹൃദയ ശിഷ്യനായിത്തീർന്നിരിക്കാനാണ് കൂടുതൽ സാധ്യത.

ഇതിൽ നിന്ന് നമുക്ക് യഥാർത്ഥ ദൈവഭക്തിയെക്കുറിച്ചും സ്വർഗ്ഗരാജ്യത്തെക്കുറിച്ചും ചില കാര്യങ്ങൾ പഠിക്കാൻ കഴിയും. ആദാമിൻറെ മക്കൾ ആളുകളെ 'അഭിനന്ദിക്കുന്നതിൽ' പിശുക്കന്മാരും, അവരെ 'കുറ്റം പറയുന്നതിൽ' വിദഗ്ധരും ആണ്. ആളുകളെ പരസ്യമായി അഭിനന്ദിക്കുവാൻ നമുക്ക് മടിയാണ്, അതിനു കാരണം അവർ അതിനാൽ ഗർവ്വികളായി പോകുമോ എന്ന ഭയമാണ്. നമുക്ക് യാഥർത്ഥ ദൈവഭക്തരായ ആളുകളെപ്പോലും അഭിനന്ദിക്കുവാൻ കഴിയുന്നില്ല. മിക്ക വിശ്വാസികളും ശീലം ക്രിസ്തുവിൽനിന്ന് പഠിച്ചിട്ടില്ല. തീർച്ച ആയും നാം ആരോടും മുഖസ്തുതി പറയരുത്, കാരണം മുഖസ്തുതി എന്നത് സാത്താന്യമാണ്. എന്നാൽ വാസ്തവമായ അഭിന്ദനം ഒരു ദിവ്യസ്വഭാവമാണ്. ദൈവഭക്തനായ ഒരാൾ മറ്റൊരു സഹോദരനോട് അഭിന്ദനത്തിൻറെ ഒരു വാക്കു പറയുകയാണെങ്കിൽ ആ ഒരൊറ്റ വാക്കിന് അയാളെ യേശുവിനെ പൂർണ്ണഹൃദയത്തോടെ അനുഗമിക്കാൻ വേണ്ടി പ്രോത്സാഹിപ്പിക്കുവാൻ കഴിയും.